©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2015 ജൂലൈ 25<br>25th July 2015<br>1190 കർക്കടകം 9<br>9th Karkadakam 1190<br>1937 ശ്രാവണം 3<br>3rd Sravana 1937 | നമ്പർ<br>No. | 1763 |

## കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അ) നമ്പർ 251/2015/തസ്വഭവ. *തിരുവനന്തപുരം, 2015 ജൂലൈ 25*
1190 കർക്കടകം 9.

**എസ്. ആർ. ഒ. നമ്പർ 480/2015.**—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 72, 77, 78, 81, 82 വകുപ്പുകൾ 565-ാം വകുപ്പ്, (1)-ാം ഉപവകുപ്പിനോട് കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിച്ച്, 1994-ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/3013/2015/S-23.

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2015-ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) രണ്ടാം ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—(1) 1994-ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ 2-ാം ചട്ടത്തിലെ (ഇ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇഇ) 'പ്രവാസി ഭാരതീയ സമ്മതിദായകൻ' എന്നാൽ ആക്റ്റിലെ 77എ വകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതും യോഗ്യതാ തീയതിയിൽ 18 വയസ്സിൽ കുറയാത്ത പ്രായമുള്ളതുമായ ഭാരത പൗരൻ എന്നർത്ഥമാകുന്നു;"

(2) ചട്ടം 5-നുശേഷം താഴെപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"5എ. പ്രവാസി ഭാരതീയ സമ്മതിദായകന്റെ പേര് പട്ടികയിൽ ഉൾപ്പെടുത്തൽ.—ആക്റ്റിലെ 77എ വകുപ്പുപ്രകാരം പട്ടികയിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള ഓരോ പ്രവാസി ഭാരതീയ സമ്മതിദായകന്റെയും പേര് അയാളുടെ പാസ്പോർട്ടിൽ പരാമർശിക്കുന്ന കേരളത്തിലെ താമസസ്ഥലം സ്ഥിതിചെയ്യുന്ന ഭാഗത്തെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്."

(3) 6-ാം ചട്ടത്തിനുശേഷം താഴെപ്പറയുന്ന ചട്ടങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"6എ. പ്രവാസി ഭാരതീയ സമ്മതിദായകനായി രജിസ്റ്റർ ചെയ്യപ്പെടേണ്ടവർക്കുള്ള അറിയിപ്പ്.—ആക്റ്റിലെ 77എ വകുപ്പുപ്രകാരം പ്രവാസി ഭാരതീയ സമ്മതിദായകരായി പട്ടികയിൽ പേര് ചേർക്കപ്പെടുന്നതിനുള്ള ആവശ്യത്തിലേക്കായി, പ്രവാസി ഭാരതീയ സമ്മതിദായകനായി പേര് രജിസ്റ്റർ ചെയ്യപ്പെടുന്നതിന് യോഗ്യതയുള്ള ഓരോരുത്തരും ചട്ടം 6-ബി പ്രകാരമുള്ള അപേക്ഷ നൽകേണ്ടതാണെന്ന് വ്യക്തമാക്കി ഒരു പൊതുവിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആയതിലേക്ക് ഉചിതവും ആവശ്യവുമെന്ന് കരുതുന്ന മറ്റ് പ്രചാരണം നടത്തേണ്ടതുമാണ്.

6ബി. പട്ടികയിൽ പ്രവാസി ഭാരതീയ സമ്മതിദായകരുടെ പേരുകൾ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ.—(1) ഓരോ പ്രവാസി ഭാരതീയ സമ്മതിദായകനും അയാൾ സമ്മതിദായക പട്ടികയിൽ ഉൾപ്പെടുന്നതിന് മറ്റു വിധത്തിൽ അയോഗ്യനല്ലാതായിരിക്കുകയും, അയാളുടെ പാസ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കേരളത്തിലെ താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജകമണ്ഡലത്തിലെ പട്ടികയിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് ആഗ്രഹിക്കുകയും ചെയ്യുന്നുവെങ്കിൽ ഫാറം 4എ-യിലുള്ള അപേക്ഷ ബന്ധപ്പെട്ട രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ട് നൽകുകയോ തപാൽ മാർഗ്ഗം അയച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

(2) 11-ാം ചട്ടത്തിലെ (2)-ഉം (3)-ഉം ഉപചട്ടങ്ങളിലെ വ്യവസ്ഥകൾ ഒരു പ്രവാസി ഭാരതീയ സമ്മതിദായകൻ എന്ന നിലയിൽ പേരുകൾ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചോ പ്രത്യേക ഉൾക്കുറിപ്പുകളെക്കുറിച്ചോ ഉള്ള അവകാശവാദങ്ങളും ആക്ഷേപങ്ങളും ബോധിപ്പിക്കുന്നതിന് ആവശ്യമായ ഭേദഗതികളോടെ ബാധകമായിരിക്കുന്നതാണ്.

(3) തപാൽവഴി അയയ്ക്കുന്ന ഓരോ ഫാറം 4എ-യിലുമുള്ള അപേക്ഷയോടൊപ്പം പ്രസ്തുത ഫാറത്തിൽ പറഞ്ഞിട്ടുള്ള എല്ലാ രേഖകളുടേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

(4) രജിസ്ട്രേഷൻ ആഫീസർക്ക് നേരിട്ട് നൽകുന്ന ഫാറം 4എ-യിലുള്ള ഓരോ അപേക്ഷയോടൊപ്പവും പ്രസ്തുത അപേക്ഷയിൽ പറഞ്ഞിട്ടുള്ള എല്ലാ രേഖകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യേണ്ടതും അസ്സൽ രേഖകൾ രജിസ്ട്രേഷൻ ഓഫീസറുടെ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ് ".

(4) 8-ാം ചട്ടത്തിനുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ കരടായി പ്രസിദ്ധീകരിക്കുന്ന പട്ടികയിൽ പ്രവാസി ഭാരതീയ സമ്മതിദായകരുടെ പേരുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, അത്തരം പട്ടികകളുടെ പകർപ്പ് രജിസ്ട്രേഷൻ ആഫീസറുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്."

(5) 14-ാം ചട്ടത്തിൽ (ബി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ പ്രവാസി ഭാരതീയ സമ്മതിദായകൻ എന്ന നിലയിൽ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് എന്തെങ്കിലും അവകാശവാദമോ ആക്ഷേപമോ ഉണ്ടെങ്കിൽ അത്തരം അവകാശവാദമോ ആക്ഷേപമോ രേഖപ്പെടുത്തിയ ഒരു ലിസ്റ്റ് അദ്ദേഹത്തിന്റെ ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്ന മാതൃകയിൽ ബന്ധപ്പെട്ട രജിസ്ട്രേഷൻ ആഫീസറുടെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതും ആണ്."

(6) 18-ാം ചട്ടത്തിനുശേഷം താഴെപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:—

"18എ. <u>പ്രവാസി ഭാരതീയ സമ്മതിദായകരെ സംബന്ധിച്ച അവകാശ വാദങ്ങളും ആക്ഷേപങ്ങളും അന്വേഷിക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.</u>—സമ്മതിദായക പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് പ്രവാസി ഭാരതീയ സമ്മതിദായകരിൽ നിന്നും ലഭിക്കുന്ന ഓരോ അവകാശവാദത്തിന്മേലും, തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർ,—

(എ) അത്തരം അവകാശവാദങ്ങളുടെ ഒരു ലിസ്റ്റ് 14-ാം ചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിട്ടുള്ള പ്രകാരം പ്രദർശിപ്പിക്കേണ്ടതും പ്രസിദ്ധീകരിക്കേണ്ടതും;

(ബി) ഓരോ അവകാശവാദത്തിന്മേലും ഒരു സംക്ഷിപ്ത അന്വേഷണം നടത്തേണ്ടതും;

(സി) ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അവ കേട്ടശേഷം, (എ) ഖണ്ഡത്തിൻകീഴിൽ ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരാഴ്ച കഴിഞ്ഞതിനുശേഷം പേര് സമ്മതിദായക പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണോ എന്നു തീരുമാനിക്കേണ്ടതും,

ആകുന്നു."

(7) 21-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടത്തിലെ (ബി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ ഏതെങ്കിലും പ്രവാസി ഭാരതീയ സമ്മതിദായകന്റെ പേര് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസറുടെ ഔദ്യോഗിക വെബ്സൈറ്റിൽക്കൂടി പ്രസിദ്ധീകരിക്കേണ്ടതാണ്."

(8) 24-ാം ചട്ടത്തിന്റെ (3)-ാം ഉപചട്ടത്തിൽ, "7" എന്ന അക്കത്തിനുപകരം "6എ" എന്ന അക്കവും അക്ഷരവും ചേർക്കേണ്ടതാണ്.

(9) 25-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടത്തിൽ "4" എന്ന അക്കത്തിനുശേഷം "4എ" എന്ന അക്കവും അക്ഷരവും ചേർക്കേണ്ടതാണ്.

(10) ചട്ടങ്ങൾക്ക് അനുബന്ധമായുള്ള 4-ാം നമ്പർ ഫാറത്തിനുശേഷം താഴെപ്പറയുന്ന ഫാറം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

## ഫാറം 4 എ

(ചട്ടം 6ബി കാണുക)

## പ്രവാസി ഭാരതീയ സമ്മതിദായകന് സമ്മതിദായക പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള അപേക്ഷ

സ്വീകർത്താവ്

തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഓഫീസർ,

.................................................................................

(മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷന്റെ പേര്)

ഈ കോളത്തിൽ സമീപകാലത്തെടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ (3.5 cm × 4.5 cm) മുഖം വ്യക്തമായി കാണത്തക്ക രീതിയിലുള്ളത് പതിക്കേണ്ടതാണ്

സ്ഥലം :

ജില്ല :

സംസ്ഥാനം :

സർ,

....................................മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിലെ .......................................................നിയോജകമണ്ഡലത്തിലെ താമസക്കാരനായ ഞാൻ, ഈ ഫാറത്തിലെ (എച്ച്) എന്ന ഇനത്തിൽ വിവരിച്ചിട്ടുള്ള പ്രകാരം, എന്റെ പേര് പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് അപേക്ഷിക്കുന്നു.

## ഭാഗം I

പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള എന്റെ അവകാശവാദത്തിന് ഉപോത്ബലകമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(എ) പേര് :

(ബി) മദ്ധ്യത്തിലുള്ള പേര് :

(സി) വിളിപ്പേര് :

(ഡി) ജനനത്തീയതി : തീയതി....... മാസം........ വർഷം........

(ഇ) പുരുഷൻ/സ്ത്രീ :

(എഫ്) ജനനസ്ഥലം :

(i) വില്ലേജ്/ടൗൺ :

(ii) ജില്ല :

(iii) സംസ്ഥാനം :

(ജി) അച്ഛന്റെ/അമ്മയുടെ/ ഭർത്താവിന്റെ പേര് :

(എച്ച്) കേരളത്തിൽ സാധാരണ താമസിക്കുന്ന സ്ഥലം :

(പാസ്പോർട്ടിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള പൂർണ്ണമായ വിലാസം)

(i) വീട്ടുനമ്പർ :

(ii) തെരുവ്/പ്രദേശം/മുറി/ റോഡ് :

(iii) ടൗൺ/വില്ലേജ് :

(iv) തപാലാഫീസ് :

(v) പിൻകോഡ് :

(vi) താലൂക്ക് :

(vii) ജില്ല :

(ഐ) നിലവിലുള്ള ഇൻഡ്യൻ പാസ്പോർട്ട് സംബന്ധിച്ച വിശദാംശങ്ങൾ

(i) നമ്പർ :

(ii) വിതരണം ചെയ്ത സ്ഥലം :

(iii) വിതരണം ചെയ്ത തീയതി :

(iv) കാലാവധി അവസാനിക്കുന്ന തീയതി :

വിശദീകരണം:—അപേക്ഷ തപാൽ മുഖേനയാണ് അയയ്ക്കുന്നതെങ്കിൽ മുകളിൽ ഇനം (എ) മുതൽ (ഐ) വരെ നൽകിയിട്ടുള്ള വിവരങ്ങൾക്ക് ആധാരമായ പാസ്പോർട്ടിലെ പ്രസക്തമായ പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകേണ്ടതും നേരിട്ടു ഹാജരാക്കുന്നപക്ഷം അസ്സൽ പാസ്പോർട്ട് രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ ഹാജരാക്കേണ്ടതുമാണ്.

(ജെ) നിലവിൽ താമസിക്കുന്ന രാജ്യത്തിന്റെ വിസ സംബന്ധമായ വിശദവിവരങ്ങൾ :—

(i) നമ്പർ :

(ii) തരം (സിംഗിൾ എൻട്രി/ മൾട്ടിപ്പിൾ എൻട്രി/ടൂറിസ്റ്റ്/ വർക്ക് വിസ മുതലായവ) :

(iii) വിതരണം ചെയ്ത തീയതി :

(iv) വിതരണം ചെയ്ത സ്ഥലം :

(v) കാലാവധി അവസാനിക്കുന്ന തീയതി :

(vi) വിതരണം ചെയ്ത അധികാര സ്ഥാനത്തിന്റെ പേര് :

വിശദീകരണം:—അപേക്ഷ തപാൽ മുഖേനയാണ് അയയ്ക്കുന്നതെങ്കിൽ നിലവിലെ അംഗീകൃത വിസ മുദ്രണം ചെയ്തിട്ടുള്ള പാസ്പോർട്ടിന്റെ പ്രസക്തമായ പേജുകളുടെ പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തി നൽകേണ്ടതും നേരിട്ട് നൽകുന്നവയാണെങ്കിൽ അസ്സൽ പാസ്പോർട്ട് രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ ഹാജരാക്കേണ്ടതുമാണ്.

II. ഇൻഡ്യയിലെ സാധാരണ താമസസ്ഥലത്തുനിന്നും വിട്ടുനിൽക്കുന്നത് സംബന്ധിച്ച വിവരങ്ങൾ:—

(എ) ഇൻഡ്യയിലെ സാധാരണ താമസസ്ഥലത്തുനിന്നും വിട്ടുനിൽക്കുന്നതിനുള്ള കാരണം,—

(i) ജോലി

(ii) വിദ്യാഭ്യാസം

(iii) മറ്റുകാരണങ്ങൾ

(അനുയോജ്യമായവ "√" രേഖപ്പെടുത്തുകയും വിശദാംശങ്ങൾ നൽകുകയും ചെയ്യണം)

(ബി) ഇൻഡ്യയിലെ സാധാരണ താമസസ്ഥലത്തുനിന്നും വിട്ടുനിൽക്കുന്നത് ഏത് തീയതി മുതലാണ്:

തീയതി................ മാസം.......................... വർഷം........................

III. നിലവിൽ ഇൻഡ്യക്ക് പുറത്ത് താമസിക്കുന്ന രാജ്യത്തിലെ താമസസ്ഥലത്തിന്റെ പൂർണ്ണ മേൽവിലാസം;

IV. ഇൻഡ്യക്ക് പുറത്ത് താമസിക്കുന്ന രാജ്യത്തിലെ പൂർണ്ണ ഔദ്യോഗിക മേൽവിലാസം (ജോലി സ്ഥലത്തെ/പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേൽവിലാസം);

V. ഉറപ്പുനൽകൽ.—(i) ഞാൻ ഭാരതപൗരത്വം ഉപേക്ഷിക്കുകയോ മറ്റേതെങ്കിലും രാജ്യത്തിന്റെ പൗരത്വം സ്വീകരിക്കുകയോ ആണെങ്കിൽ ഞാൻ താമസിക്കുന്ന രാജ്യത്തിലെ ഇൻഡ്യൻ എംബസി മുഖേന എത്രയും പെട്ടെന്ന് പ്രസ്തുത വിവരം ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസറെ അറിയിച്ചുകൊള്ളാമെന്ന് ഉറപ്പുനൽകുന്നു.

(ii) നിലവിൽ ഞാൻ താമസിക്കുന്ന രാജ്യത്തെ എന്റെ താമസസ്ഥലത്തെ മേൽവിലാസത്തിൽ എന്തെങ്കിലും മാറ്റമുണ്ടായാൽ അക്കാര്യം എത്രയും പെട്ടെന്ന് ഞാൻ ആ രാജ്യത്തെ ഇൻഡ്യൻ എംബസി മുഖേന രജിസ്ട്രേഷൻ ആഫീസറെ അറിയിച്ചുകൊള്ളാമെന്ന് ഉറപ്പുനൽകുന്നു.

(iii) നിലവിൽ ഞാൻ താമസിക്കുന്ന രാജ്യത്തെ എന്റെ താമസസ്ഥലത്തിന്റെ മേൽവിലാസത്തിൽ രജിസ്ട്രേഷൻ ആഫീസർ അയയ്ക്കുന്ന ഏതൊരു നോട്ടീസും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം എനിക്ക് ലഭിച്ചതായി കണക്കാക്കാമെന്നും ഏറ്റവും ഒടുവിൽ താമസിക്കുന്ന സ്ഥലത്തെ മേൽവിലാസം രജിസ്ട്രേഷൻ ആഫീസറെ അറിയിക്കേണ്ടത് എന്റെ ഉത്തരവാദിത്വമാണെന്നും ഞാൻ അപ്രകാരം പ്രവർത്തിക്കുന്നതാണെന്നും ഉറപ്പുനൽകുന്നു.

(iv) പ്രവാസ ജീവിതം ഉപേക്ഷിച്ച് സാധാരണ താമസക്കാരനായി ഞാൻ ഭാരതത്തിൽ തിരികെ വരുമ്പോൾ ആ വിവരം എത്രയും പെട്ടെന്ന് ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിലെ രജിസ്ട്രേഷൻ ആഫീസറെ അറിയിക്കുന്നതാണെന്ന് ഉറപ്പുനൽകുന്നു.

VI. പ്രഖ്യാപനം.—എന്റെ അറിവിലും ഉത്തമവിശ്വാസത്തിലും പെട്ടിടത്തോളം താഴെപ്പറയുന്ന വിവരങ്ങൾ സത്യമാണെന്ന് പ്രഖ്യാപിക്കുന്നു:

(i) ഈ അപേക്ഷയിൽ നൽകിയിട്ടുള്ള എല്ലാ വിവരങ്ങളും സത്യമാണ്.

(ii) ജനനം/സ്ഥിരതാമസം/സ്വമേധയ എന്നിവയാൽ ഞാനൊരു ഭാരതീയ പൗരനാണ്.

(iii) ഞാൻ മറ്റൊരു രാജ്യത്തിന്റെയും പൗരത്വം സ്വീകരിച്ചിട്ടില്ല.

(iv) ഇൻഡ്യൻ പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള എന്റെ സ്ഥിരതാമസസ്ഥലത്തുനിന്നും എനിക്ക് മാറി നിൽക്കേണ്ടി വന്നിട്ടുള്ളത് ജോലി/വിദ്യാഭ്യാസം/മറ്റുള്ളവ (വിശദാംശം നൽകണം) ആവശ്യാർത്ഥം മാത്രമാണ്.

(v) മറ്റൊരു നിയോജകമണ്ഡലത്തിലെയും സമ്മതിദായക പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ഞാൻ അപേക്ഷ നൽകിയിട്ടില്ല.

(vi) ഈ നിയോജകമണ്ഡലത്തിലെയോ മറ്റേതെങ്കിലും നിയോജകമണ്ഡലത്തിലെയോ സമ്മതിദായക പട്ടികയിൽ ഇതുവരെയും എന്റെ പേര് ഉൾപ്പെടുത്തപ്പെട്ടിട്ടില്ല.

[അല്ലെങ്കിൽ]

ഞാൻ, (പൂർണ്ണ മേൽവിലാസം).......................................................................

...........................................................................................................ഒരു

സാധാരണ താമസക്കാരനായിരുന്നു. ..........................................................................
അപ്രകാരം എന്റെ പേര് ആ പ്രദേശത്തെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഉചിതമാണെന്ന് കാണുന്നപക്ഷം, അതിൽ നിന്ന് ഒഴിവാക്കുകയോ/സ്ഥാനം മാറ്റുകയോ ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

സ്ഥലം : ഒപ്പ് :

തീയതി : പേര് :

## ഭാഗം II

(ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസറുടെ ഓഫീസ് ഉപയോഗത്തിനുള്ളത്)

അപേക്ഷ സ്വീകരിച്ച തീയതി : തീയതി.............. മാസം........... വർഷം................

ശ്രീ./ശ്രീമതി/കുമാരി...........................................................................സമർപ്പിച്ച ഫാറം 4എ-യിലുള്ള അപേക്ഷ—

(i) സ്വീകരിച്ച്, പേര്..........................................................നിയോജക മണ്ഡലത്തിലെ സമ്മതിദായക പട്ടികയിൽ പാർട്ട് നമ്പർ................................. ക്രമനമ്പർ...............................ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ii) ..............................................കാരണങ്ങളാൽ നിരസിച്ചു.

തീയതി : ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ

...........................ഇവിടെ മുറിക്കുക...........................

ഭാഗം III

## അപേക്ഷ സ്വീകരിച്ചതിനുള്ള കൈപ്പറ്റ് രസീത്

(രജിസ്ട്രേഷൻ ആഫീസർ മുമ്പാകെ നേരിട്ട് അപേക്ഷ നൽകുന്ന സംഗതിയിൽ)

ശ്രീ./ശ്രീമതി/കുമാരി..........................................................

വിലാസം..........................................................................

..........................................................................

എന്നയാളിൽ നിന്നും ഫാറം 4എ പ്രകാരമുള്ള അപേക്ഷ കൈപ്പറ്റി യിരിക്കുന്നു.

തീയതി : ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസറുടെ ഒപ്പ്
വിലാസം

ഫാറം 4എ അപേക്ഷ പൂരിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

(എ) ഫാറം 4എ ആർക്കൊക്കെ സമർപ്പിക്കാമെന്ന്—

(1) ജനുവരി 1-ന് 18 വയസ്സ് പൂർത്തിയായതും, വിദേശ രാജ്യത്ത് താമസിക്കുന്നതും വിദേശ രാജ്യത്തിന്റെ പൗരത്വം സ്വീകരിച്ചിട്ടില്ലാത്തതും വോട്ടർ പട്ടികയിൽ പേരില്ലാത്തതുമായ ഏതൊരു ഭാരത പൗരനും പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള കേരളത്തിലെ താമസസ്ഥലം ഉൾപ്പെടുന്ന മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിലെ ഒരു നിയോജക മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് ഫാറം 4എയിൽ അപേക്ഷ ബന്ധപ്പെട്ട തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർക്ക് സമർപ്പിക്കാവുന്നതാണ്.

(2) ജനുവരി 1-ാം തീയതി അപേക്ഷകന് 18 വയസ്സ് പൂർത്തിയായിരിക്കേണ്ടതാണ്. ഉദാഹരണത്തിന് 1-1-2014 യോഗ്യത തീയതിയായി സമ്മതിദായക പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷിക്കുന്ന സംഗതിയിൽ അപേക്ഷകന് 1-1-2014-ൽ 18 വയസ്സ് പൂർത്തിയായിരിക്കേണ്ടതാണ്.

(ബി) ഫാറം 4എ അപേക്ഷ എവിടെ സമർപ്പിക്കണമെന്ന്—

നിലവിലുള്ള പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള നാട്ടിലെ സാധാരണ താമസസ്ഥലത്തെ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിലെ തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർക്ക് നേരിട്ടോ, രജിസ്റ്റേർഡ് തപാൽ മുഖേനയോ, അപേക്ഷ സമർപ്പിക്കേണ്ടതും രണ്ട് സംഗതികളിലും ഓൺലൈനായി തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർക്ക് തന്റെ പേര് ചേർക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

(സി) ഉൾപ്പെടുത്തേണ്ട രേഖകൾ—

(1) സമീപകാലത്ത് എടുത്ത പാസ്പോർട്ട് സൈസ് കളർ ഫോട്ടോ (3.5 സെ.മീ. × 4.5 സെ.മീ. വലിപ്പത്തിലുള്ളത്) നിറം കുറവായ പശ്ചാത്തലത്തിൽ (കഴിവതും വെള്ള) അപേക്ഷകന്റെ മുഖം വ്യക്തമായി കാണത്തക്ക വിധമുള്ളത് നിശ്ചിതസ്ഥാനത്ത് പതിക്കേണ്ടതാണ്.

(2) ഫാറം 4 എ-യിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്. അപേക്ഷകന്റെ നിലവിലുള്ള ഇന്ത്യൻ പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള പേരും വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

(3) അപേക്ഷ തപാൽ മുഖേന അയയ്ക്കുന്നപക്ഷം അപേക്ഷകന്റെ വിസ മുദ്രണം ചെയ്തതുൾപ്പെടെയുള്ളതും പാസ്പോർട്ടിലെ ഫോട്ടോ, മറ്റു വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള പേജുകളുടെ ശരിപ്പകർപ്പ് എന്നിവ സ്വയം സാക്ഷ്യപ്പെടുത്തി ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ഇപ്രകാരം സാക്ഷ്യപ്പെടുത്തിയ രേഖകൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത അപേക്ഷ തത്സമയം നിരസിക്കുന്നതാണ്.

(4) അപേക്ഷ നേരിട്ട് തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ആഫീസർക്ക് സമർപ്പിക്കുന്ന സംഗതിയിൽ പാസ്പോർട്ടിലെ പ്രസക്ത ഭാഗങ്ങളുടെ ശരിപ്പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. അസ്സൽ പാസ്പോർട്ട് അപേക്ഷയോടൊപ്പം പരിശോധനയ്ക്കായി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ ഹാജരാക്കേണ്ടതും പരിശോധന കഴിഞ്ഞാലുടൻ പാസ്പോർട്ട് തിരികെ വാങ്ങേണ്ടതുമാണ്.

(ഡി) വോട്ട് രേഖപ്പെടുത്തേണ്ട രീതി—

മേൽപ്പറഞ്ഞപ്രകാരം വോട്ടർ പട്ടികയിൽ പേരുൾപ്പെട്ടയാൾക്ക് പോളിംഗ് സ്റ്റേഷനിൽ അസ്സൽ പാസ്പോർട്ട് സഹിതം ഹാജരാകുന്ന പക്ഷം ആ നിയോജകമണ്ഡലത്തിലെ തെരഞ്ഞെടുപ്പിന് വോട്ട് രേഖപ്പെടുത്താവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. പി. എം. മുഹമ്മദ് ഹനീഷ്, ഐ.എ.എസ്.,
*സെക്രട്ടറി (നഗരകാര്യ വകുപ്പ്).*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2014-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്റ്റ് (2015-ലെ 2) പ്രകാരം, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ കൂട്ടിച്ചേർത്ത 77എ വകുപ്പുപ്രകാരം 1950-ലെ ജനപ്രാതിനിധ്യ ആക്റ്റിലെ (1950-ലെ 43-ാം കേന്ദ്ര ആക്റ്റ്) 20എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു ഭാരത പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസ സ്ഥലം സ്ഥിതിചെയ്യുന്ന നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്. അതിൻപ്രകാരം ഭാരതത്തിന് പുറത്ത് താമസിക്കുന്ന ഏതൊരു ഭാരത പൗരനും അദ്ദേഹത്തിന്റെ പേര് വോട്ടർ പട്ടികയിൽ ഉൾപ്പെടാതിരിക്കുകയും മറ്റൊരു രാജ്യത്തെ പൗരത്വം സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരമുള്ള ആളിന്റെ പേര് അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന കേരളത്തിലെ താമസസ്ഥലം സ്ഥിതിചെയ്യുന്ന മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിലെ നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യപ്പെടാൻ അർഹതയുണ്ടായിരിക്കുന്നതാണ്. പ്രസ്തുത ആവശ്യത്തിലേക്കായി 1994-ലെ കേരള മുനിസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---